# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

---

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയിലേക്ക് ബൈപ്രൊമോഷൻ മുഖേന സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:-

1. ഗസറ്റ് വിജ്ഞാപനം നമ്പർ.ES1-20712/2024/DHS, തീയതി: 22/10/2024
2. ശ്രീ വിനോദ് കുമാർ കെ ഫയൽ ചെയ്ത 27/11/2024 തീയതിയിലെ OA 18 19/2024 ന്റെ ഇടക്കാല ഉത്തരവ്
3. ശ്രീ പ്രദീപ്കുമാർ എസ് ഫയൽ ചെയ്ത 29/11/2024 തീയതിയിലെ OA 1831/2024 ന്റെ ഇടക്കാല ഉത്തരവ്.
4. കത്ത് നമ്പർ: എച്ച്2/152/2024-ഹെൽത്ത്, തീയതി: 23/12/2024

**ഉത്തരവ് നമ്പർ : DHS/2646/2023-FWA2 തീയതി: 17-01-2025**

---

ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ നിന്നും ബൈപ്രൊമോഷൻ മുഖേന ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി പരാമർശം 1 പ്രകാരം സെലക്ട് ലിസ്റ്റ് ലഭ്യമായിട്ടുള്ളതാണ്. പ്രസ്തുത സെലക്ട് ലിസ്റ്റിൽ ക്രമ നമ്പർ 1, 3 കാരായ ശ്രീ. പ്രദീപ്കുമാർ പി, ശ്രീ. വിനോദ്കുമാർ കെ എന്നീ ജീവനക്കാർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ കേസ് ഫയൽ ചെയ്യുകയും ആയതിനു പരാമർശം 2, 3 പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പരാമർശം 2 പ്രകാരം ശ്രീ.വിനോദ് കുമാറിനു ടി ജീവനക്കാരന്റെ റെഗുലർ ലൈൻ ഓഫ് പ്രൊമോഷൻ തസ്തികയായ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II - ൽ നിയമനം നൽകണമെന്നും പരാമർശം 3 പ്രകാരം ശ്രീ.പ്രദീപ്കുമാർ കെ -ക്കു ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ

ആൻഡ് മീഡിയ ഓഫീസർ അല്ലെങ്കിൽ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിയമനം നൽകണമെന്നും ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായിട്ടുണ്ട്.

ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ വിധിയുടെയും പരാമർശം 4പ്രകാരമുള്ള സർക്കാർ കത്തിന്റെയും അടിസ്ഥാനത്തിൽ, ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി തയ്യാറാക്കിയ പരാമർശം 1 പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ശ്രീ വിനോദ്കുമാർ കെ - യെ ഒഴിവാക്കി കൊണ്ട് മറ്റു 5 ഉദ്യോഗസ്ഥർക്ക് കെ.എസ് & എസ്.എസ്.ആർ 1958 ലെ റൂൾ 28(ബി) (1) പ്രകാരം 55200 - 115300 രൂപ ശമ്പള സ്കെയിലിൽ ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയിലേക്ക് അവരുടെ പേരിനു നേരെ ചേർത്തിരിക്കുന്ന ജില്ലകളിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം | റാങ്ക് നം | പേര്, നിലവിൽ സേവനത്തിനുള്ള തസ്തിക സ്ഥാപനം | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം, ജില്ല |
|---|---|---|---|---|---|
| 1 | 1 | ശ്രീ.പ്രദീപ്കുമാർ. എസ് , ഹെൽത്ത് സൂപ്പർവൈസർ, സി എച്ച് സി ശൂരനാട്, കൊല്ലം | 27 -05-1969 | HIC, MA Sociology | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം ) , കൊല്ലം |
| 2 | 2 | ശ്രീ.രവിചന്ദ്രൻ .പി , ഹെൽത്ത് സൂപ്പർവൈസർ, സി എച്ച് സി മങ്കട, മലപ്പുറം | 15-03-1969 | HIC, BA Sociology | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം ), മലപ്പുറം |
| 3 | 4 | ശ്രീ .വിൻസെന്റ് സിറിൽ , ഹെൽത്ത് സൂപ്പർവൈസർ , ഡിസ്ട്രിക്ട് വെക്ടർ കണ്ട്രോൾ യൂണിറ്റ് , മലപ്പുറം | 17-12-1969 | HIC BA Malayalam | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം ), വയനാട് |
| 4 | 5 | ശ്രീ.കൃഷ്ണദാസ് പി കെ, ഹെൽത്ത് സ | 30-05-1969 | HIC, BSc, MA LLB | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം |

| | | | | | |
|---|---|---|---|---|---|
| | | ൂപ്പർവൈസർ, എം സി എച്ച് യൂണിറ്റ് ചെറുപ്പ, കോഴിക്കോട് | | | ), കാസർഗോഡ് |
| 5 | 6 | ശ്രീ. ജോബി കെ പി, ഹെൽത്ത് സൂപ്പർവൈസർ, ആനന്ദപുരം സി എച്ച് സി , തൃശൂർ | 10-01- 1970 | SIC, B.COM | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), എറണാകുളം |

ഡ്യൂട്ടിയിൽ ചേർന്ന തീയതി മുതൽ തുടർച്ചയായ ഒരു വർഷത്തിനുള്ളിൽ ആറ് മാസത്തേക്കാണ് പ്രൊബേഷൻ കാലയളവ്. ഈ ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ കേഡറിലെ ശമ്പള സ്ഥിരീകരണ പ്രഖ്യാപനം ടി ഉദ്യോഗസ്ഥർ സമർപ്പിക്കേണ്ടതാണ്. റിലീവിംഗ്, ജോയിനിംഗ് ഡ്യൂട്ടി സംബന്ധിച്ച ആർടിസികൾ കൃത്യസമയത്ത് അയയ്ക്കേണ്ടതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഉത്തരവ് റിലീവ്, ജോയിനിംഗ് ഡ്യൂട്ടിക്കായിയുള്ള ആധികാരിക പകർപ്പായി ഡൌൺലോഡ് ചെയ്തു ഉപയോഗിക്കേണ്ടതാണ്.

ഈ ഉത്തരവ് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമ വിധിന്യായത്തിന് വിധേയമായിരിക്കും.

Signed by
Reena K J
Date: 17-01-2025 13:14:49

**Dr REENA K J**
**#ApprovedByDesignation#**

സ്വീകർത്താവ്:

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:

1. ദി അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
3. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് (ആരോഗ്യം)
4. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർക്ക്

5. സൂപ്രണ്ട് ഇ എസ് സെക്ഷൻ
6. ഫയൽ / സ്റ്റോക്ക് ഫയൽ